2023
NOVEMBER
17
FRIDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## രാജ്യത്ത് ഏപ്രിൽ മുതൽ ഒക്ടോബർ വരെ തീവണ്ടികളിൽ യാത്ര ചെയ്തത് 390.02 കോടി ആളുകൾ

**ന്യൂഡൽഹി:** രാജ്യത്ത് ഏപ്രിൽ മുതൽ ഒക്‌റ്റോബർ വരെ തീവണ്ടികളിൽ യാത്ര ചെയ്തത് 390.02 കോടി പേർ. കേന്ദ്ര റെയിൽവേ മന്ത്രാലയം പുറത്തുവിട്ട കണക്കുകളാണിത്. കഴിഞ്ഞവർഷം ഇതേ കാലയളവിലെ യാത്രികരുടെ എണ്ണം 349.1 കോടിയായിരുന്നു. കോവിഡിനു ശേഷം തീവണ്ടികളിൽ യാത്ര ചെയ്യുന്നവരുടെ എണ്ണത്തിൽ വർധന രേഖപ്പെടുത്തുന്നുണ്ടെന്നു റെയിൽവേ മന്ത്രാലയം വ്യക്തമാക്കുന്നു.

രാജ്യത്തെ തീവണ്ടിയാത്രികരിൽ 95.3 ശതമാനം പേരും ജനറൽ, സ്ലീപ്പർ ക്ലാസുകളാണ് യാത്രയ്ക്കായി തെരഞ്ഞെടുക്കുന്നതെന്നും കണക്കുകൾ വ്യക്തമാക്കുന്നു. ഏപ്രിൽ മുതൽ ഒക്‌റ്റോബർ വരെയുള്ള കാലയളവിൽ 372 കോടി ആളുകളാണു ജനറൽ, സ്ലീപ്പർ ക്ലാസുകളിൽ യാത്രികരായത്. 18.2 കോടി യാത്രികർ മാത്രമാണ് എസി കോച്ചുകൾ തെരഞ്ഞെടുത്തത്. കഴിഞ്ഞ കൊല്ലം ഇതേ കാലയളവിലെ യാത്രികരുടെ എണ്ണം 15.2 കോടിയായിരുന്നു.

കൊവിഡിനു മുമ്പുള്ള കാലഘട്ടവുമായി താരതമ്യപ്പെടുത്തുമ്പോൾ തീവണ്ടികളുടെ എണ്ണത്തിലും കാര്യമായ വർധനയുണ്ടായിട്ടുണ്ട്. ദിനംപ്രതി 1768 മെയ്ൽ എക്സ്പ്രസ് ട്രെയ്നുകളാണ് കോവിഡിനു മുമ്പ് സർവീസ് നടത്തിയിരുന്നത്. ഇത് 2122 ആയി വർധിപ്പിച്ചു. സബർബൻ ട്രെയ്നുകളുടെ എണ്ണം 5626ൽ നിന്ന് 5774 ആയി. പാസഞ്ചർ ട്രെയ്നുകൾ 2792ൽ നിന്നും 2852 ആയി. ഇന്ത്യയിൽ ഇപ്പോൾ ദിനംപ്രതി 10,748 തീവണ്ടികളാണു സർവീസ് നടത്തുന്നത്. കോവിഡിന് മുമ്പ് തീവണ്ടികളുടെ എണ്ണം 10,186 തീവണ്ടുകളാണ് ദിനംപ്രതി സർവീസ് നടത്തിയിരുന്നത്.

## ഹമാസ് ഭീകരർ ബന്ദിയാക്കിയ സ്ത്രീയുടെ മൃതദേഹം കണ്ടെടുത്തു

**ഗാസ സിറ്റി:** ഗാസയിലെ അൽ ഷിഫ ആശുപത്രിക്ക് സമീപത്തു നിന്നും ഹമാസ് ബന്ദിയാക്കിയ സ്ത്രീയുടെ മൃതദേഹം കണ്ടെത്തിയെന്ന് ഇസ്രയേൽ സൈന്യം.

ഒക്ടോബർ ഏഴിന് ഗാസ അതിർത്തിക്കടുത്തുള്ള കിബ്ബ്സിലെ വീട്ടിൽ നിന്ന് ഹമാസ് ഭീകരർ തട്ടിക്കൊണ്ടുപോയ യെഹൂദിത് വെയ്സിൻെറ മൃതദേഹമാണ് ഇസ്രയേൽ സൈന്യം കണ്ടെടുത്തത്. മൃതദേഹം ഇസ്രയേലിലേക്ക് കൊണ്ടുപോയി.

ഹമാസ് ഭീകരൻ ഇസ്മയിൽ ഹനിയയുടെ ഗാസയിലെ വസതിയിൽ ഇസ്രേലി വ്യോമസേന ആക്രമണം നടത്തി. കൂടിയാലോചനാ കേന്ദ്രമായിട്ടാണു വസതി ഉപയോഗിച്ചിരുന്നതെന്ന് ഇസ്രേലി സേന പറഞ്ഞു. ഹനിയ ഏഴു വർഷമായി ഖത്തറിലാണ് താമസിക്കുന്നത്.

## ഗുരുവായൂരിലെ ഭണ്ഡാര വരവ് 5.32 കോടി; 2 കിലോ സ്വർണം, 12 കിലോ വെള്ളി

**തൃശൂർ:** ഗുരുവായൂർ ക്ഷേത്രത്തിൽ നവംബർ മാസത്തെ ഭണ്ഡാരം വരവായി ലഭിച്ചത് 5,32,54,683 രൂപയും 2 കിലോ 352ഗ്രാം 600 മില്ലിഗ്രാം സ്വർണവും 12കിലോ 680ഗ്രാം വെള്ളിയും ലഭിച്ചു.നിരോധിച്ച ആയിരം രൂപയുടെ 47കറൻസിയും അഞ്ഞൂറിന്റെ 60 കറൻസിയും രണ്ടായിരം രൂപയുടെ 56 കറൻസിയുമാണ് ഭണ്ഡാരത്തിലുണ്ടായിരുന്നത്.

സ്ഥിരം ഭണ്ഡാര വരവിന് പുറമെ ഒക്ടോബർ 9 മുതൽ നവംബർ 5 വരെ ക്ഷേത്രത്തിന്റെ കിഴക്കേ നടയിലെ എസ്ബിഐയെുടെ ഇ ഭണ്ഡാരം വഴി 1,76,727 രൂപയാണ് ലഭിച്ചത്. ഡിഎൽ ബി, ഗുരുവായൂർ ശാഖയ്ക്കായിരുന്നു എണ്ണൽ ചുമതല

# മൂന്ന് വർഷത്തിനുള്ളിൽ 3000 പുതിയ ട്രെയിനുകൾ; വൻ പദ്ധതികളുമായി റെയിൽവേ

**ന്യൂഡൽഹി:** ദീപാവലി ആഴ്ചയിൽ തിങ്ങിനിറഞ്ഞ പ്ലാറ്റ്ഫോമുകളുടെയും ട്രെയിനുകളുടെയും ചിത്രങ്ങൾ സമൂഹമാധ്യമങ്ങളിൽ നിറയുകയും വ്യാപക വിമർശനങ്ങൾക്കു വിധേയമാകുകയും ചെയ്തതോടെ വൻ വിപുലീകരണ പദ്ധതികളുമായി റെയിൽവേ. 2027ഓടെ എല്ലാ ട്രെയിൻ യാത്രക്കാർക്കും കൺഫേം ടിക്കറ്റ് ഉറപ്പാക്കുമെന്നും എല്ലാ ദിവസവും പുതിയ ട്രെയിനുകൾ ഉണ്ടാകുമെന്നും ഉൾപ്പെടെയുള്ള പ്രഖ്യാപനങ്ങളാണ് റെയിൽവേ അധികൃതർ നടത്തിയത്. ഒരു ദേശീയ മാധ്യമത്തോടാണ് റെയിൽവേ വൃത്തങ്ങൾ ഇക്കാര്യം വ്യക്തമാക്കിയത്



ദീപാവലി പ്രമാണിച്ച് റെയിൽവേ സ്‌റ്റേഷനുകളിലും ബസ് സ്‌റ്റേഷനുകളിലും വലിയ തിരക്കാണ് അനുഭവപ്പെടുന്നത്. ബിഹാറിൽ ട്രെയിനിൽ കയറാൻ ശ്രമിക്കുന്നതിനിടെ 40 വയസ്സുള്ള ഒരാൾ മരിച്ച വാർത്തയും പുറത്തുവന്നിരുന്നു.

വിപുലീകരണത്തിന്റെ ഭാഗമായി എല്ലാ വർഷവും പുതിയ റെയിൽവേ ട്രാക്കുകൾ സ്ഥാപിക്കുമെന്ന് റെയിൽവേ അധികൃതർ പറയുന്നു. പ്രതിവർഷം 4000 5000 കിലോമീറ്റർ ട്രാക്ക് ശൃംഖലയാണ് സ്ഥാപിക്കുന്നത്. നിലവിൽ പ്രതിദിനം 10,748 ട്രെയിനുകളാണ് ഓടുന്നത്. ഇതു പ്രതിദിനം 13,000 ട്രെയിനുകളായി ഉയർത്തുകയാണ് ലക്ഷ്യം. അടുത്ത മൂന്നു നാലു വർഷത്തിനുള്ളിൽ 3000 പുതിയ ട്രെയിനുകൾ ട്രാക്കിൽ എത്തിക്കാനാണ് പദ്ധതിയെന്നും വൃത്തങ്ങൾ കൂട്ടിച്ചേർത്തു.

നിലവിൽ പ്രതിവർഷം 800 കോടി യാത്രക്കാരാണ് ട്രെയിനിൽ യാത്ര ചെയ്യുന്നത്. ഇതു 1000 കോടിയായി ഉയർത്തും. കൂടുതൽ ട്രാക്കുകൾ ഇടുക, ട്രെയിനുകളുടെ വേഗത കൂട്ടുക തുടങ്ങിയ മാർഗങ്ങളിലൂടെ യാത്രാ സമയം വെട്ടിക്കുറയ്ക്കാനുള്ള ശ്രമത്തിലാണ് റെയിൽവേ. റെയിൽവേയുടെ പഠനമനുസരിച്ച്, വേഗം കൂട്ടുന്നതിന്റെയും കുറയ്ക്കുന്നതിന്റെയും വേഗത വർധിപ്പിച്ചാൽ ഡൽഹിയിൽ നിന്ന് കൊൽക്കത്തയിലേക്കുള്ള യാത്രയിൽ രണ്ട് മണിക്കൂർ ഇരുപത് മിനിറ്റ് ലാഭിക്കാം.

പുഷ് ആൻഡ് പുൾ സാങ്കേതിക വിദ്യയിലൂടെയാണ് ഇതു സാധിക്കുന്നത്. നിലവിൽ പുഷ് പുൾ സാങ്കേതികവിദ്യ പ്രകാരം പ്രതിവർഷം 225 ട്രെയിനുകൾ നിർമിക്കുന്നുണ്ട്. വന്ദേ ഭാരത് ട്രെയിനുകൾക്ക് നിലവിലെ ട്രെയിനുകളേക്കാൾ നാലിരട്ടി വേഗത്തിൽ സ്പീഡ് കൂട്ടാനും കുറയ്ക്കാനും കഴിയും.



# ശബരിമല ദർശനത്തിന് ഭക്തരുടെ വൻനിര സന്നിധാനം ഭക്തിസാന്ദ്രം



**ശബരിമല:** മണ്ഡലകാലം ആരംഭിച്ച ആദ്യദിനത്തിൽ ശബരിമലയും പരിസരങ്ങളും അയ്യപ്പഭക്തരെക്കൊണ്ടു നിറഞ്ഞു. ഉച്ചമുതൽ തന്നെ സന്നിധാനത്തേക്കു ഭക്തരുടെ ഒഴുക്ക് ആരംഭിച്ചിരുന്നു.

ഇന്നലെ വൈകുന്നേരം നട തുറക്കുമ്പോൾ സന്നിധാനത്തും പരിസരങ്ങളിലും മഴ ഉണ്ടായിരുന്നെങ്കിലും അതിനെ അവഗണിച്ച് ദർശനപുണ്യത്തിനായി ഭക്തർ തിരക്കുകൂട്ടി. നട തുറന്ന് പതിനെട്ടാംപടിക്കുതാഴെ ആഴിയും കത്തിച്ച് പുതിയ മേൽശാന്തിമാർ ആദ്യം പടി കയറിയ ശേഷമാണ് ഭക്തരെ കടത്തിവിട്ടത്.

പതിനെട്ടാംപടിക്കു താഴെ ഭക്തരെ നിയന്ത്രിക്കാനായി പോലീസിൻറെ വൻനിര തന്നെയുണ്ടായിരുന്നു. നട തുറക്കുന്പോൾ ദേവസ്വം ബോർഡ് ഭാരവാഹികളും ജനപ്രതിനിധികളും പോലീസ് ഉദ്യോഗസ്ഥരുമടക്കമുള്ളവരാണ് ശ്രീകോവിലിനു മുന്പിലുണ്ടായിരുന്നത്. ഇരുമുടിക്കെട്ടേന്തിയ അയ്യപ്പഭക്തർ ശരണംവിളിയോടെ പിന്നാലെ പതിനെട്ടാംപടി കയറിയെത്തി. ഇനിയുള്ള ദിനങ്ങൾ ശബരിമലയും പരിസരങ്ങളും ശരണംവിളികളാൽ മുഖരിതമാകും.

ശബരിമലയിലേക്ക് വെർച്വൽ ക്യൂ മുഖേന ബുക്ക് ചെയ്തവർക്കാണ് ദർശനസൗകര്യം നൽകുന്നത്. വെർച്വൽ ക്യൂ ബുക്കിംഗിനുള്ള സൗകര്യം നിലയ്ക്കൽ ഇടത്താവളത്തിലുണ്ട്. 15 കൗണ്ടറുകൾ വെർച്വൽ ക്യൂവിനായി ക്രമീകരിച്ചിട്ടുണ്ട്.

അയ്യപ്പഭക്തരുടെ വാഹനങ്ങൾ പൂർണമായി നിലയ്ക്കൽ ബേസ് ക്യാമ്പിൽ പാർക്ക് ചെയ്യാൻ നിർദേശം. അവിടെനിന്ന് കെഎസ്ആർടിസി ചെയിൻ സർവീസുകൾ പമ്പയിലേക്ക് ക്രമീകരിക്കും. നിലയ്ക്കലിൽ 17 ഗ്രൗണ്ടുകൾ പാർക്കിംഗിനു സജ്ജമായി. ഫാസ്റ്റ് ടാഗ് സംവിധാനത്തിലൂടെയാണ് പാർക്കിംഗ്.

മണ്ഡല, മകരവിളക്ക് തീർഥാടനത്തോടനുബന്ധിച്ച് വിശുദ്ധിസേനയുടെ ശുചീകരണപ്രവർത്തനങ്ങൾ ജില്ലാ കളക്ടർ എ. ഷിബു ഉദ്ഘാടനം ചെയ്തു. 1000 വിശുദ്ധി സേനാംഗങ്ങളെയാണ് ഇത്തവണ ജില്ലയിൽ വിന്യസിച്ചിരിക്കുന്നത്. സന്നിധാനം 300, പമ്പ 210, നിലയ്ക്കൽ 450, പന്തളം 30, കുളനട 10 എന്നിങ്ങനെയാണ് വിശുദ്ധി സേനാംഗങ്ങളുടെ വിന്യാസം.

സേനയുടെ നേതൃത്വത്തിൽ പ്ലാസ്റ്റിക് ഉപയോഗം തടയുക, പമ്പാനദി മാലിന്യമുക്തമാക്കുക എന്നിവയ്ക്കായി മിഷൻ ഗ്രീൻ എന്ന പേരിൽ ബോധവത്കരണവും നടപ്പിലാക്കും. 24 മണിക്കൂറും വിശുദ്ധി സേനാംഗങ്ങളുടെ സേവനം ലഭ്യമാകും.

വിശുദ്ധി സേനക്കാർക്ക് ഇത്തവണ 550 രൂപ ദിവസ വേതനമാക്കി വർധിപ്പിച്ചു. യാത്രപ്പടിയായി 1000 രൂപയും അനുവദിച്ചിട്ടുണ്ട്. വിശുദ്ധി സേനാംഗങ്ങൾക്ക് യൂണിഫോം അടങ്ങിയ കിറ്റ് കളക്ടർ വിതരണം ചെയ്തു.ജില്ലാ ഭരണകൂടത്തിൻറെ നേതൃത്വത്തിൽ 1995ലാണ് ശബരിമല സാനിറ്റേഷൻ സൊസൈറ്റി രൂപീകരിച്ചത്. ശബരിമല എഡിഎം സൂരജ് ഷാജി അധ്യക്ഷത വഹിച്ചു.

അടൂർ ആർഡിഒ എ. തുളസീധരൻ പിള്ള, ദേവസ്വം ബോർഡ് അംഗം സുന്ദരേശൻ, ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ സി.പി. സതീഷ് കുമാർ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ ശ്രീകാന്ത് എം. ഗിരിനാഥ്, വിശുദ്ധി സേന ലീഡർ രാജു, ജൂണിയർ സൂപ്രണ്ട് പി.എസ്. സുനിൽകുമാർ തുടങ്ങിയവർ പങ്കെടുത്തു.

---

# അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിക്ക് തുടക്കമായി




**തൃശ്ശൂർ** അതിദരിദ്രരില്ലാത്ത ആദ്യ കോർപ്പറേഷനാക്കി തൃശ്ശൂരിനെ മാറ്റുന്നതിനായി രൂപീകരിച്ച ടുഗെതർ ഫോർ തൃശ്ശൂർ (അതിദാരിദ്യ നിർമ്മാർജ്ജന പദ്ധതി) കോർപ്പറേഷൻതല ഉദ്ഘാടനം മേയർ എം.കെ.വർഗീസ് നിർവഹിച്ചു. സർക്കാർ തീരുമാനപ്രകാരം കോർപ്പറേഷൻ കുടുംബശ്രീ 381 അതിദരിദ്രരെ കണ്ടെത്തിയിരുന്നു. ഇവരെ വിവിധ ഇടപെടലുകൾ വഴി അതിദരിദ്രരിൽ നിന്നും സാധാരണ ജീവിതത്തിലേക്ക് കൊണ്ടുവരുകയാണ് ലക്ഷ്യം. നവംബർ 30നകം പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

മേയറുടേയും ജില്ലാ കളക്ടറുടേയും ഇടപെടലിൻറെ ഭാഗമായി കോർപ്പറേഷൻ പരിധിയിലെ വിവിധ സ്കൂളുകളിൽ നിന്നും വിദ്യാർത്ഥികളുടെ സഹകരണത്തോടെ ഒരു വർഷത്തേക്ക് ആവശ്യമായ ഭക്ഷ്യധാന്യ കിറ്റുകൾ നൽകുന്നതിന് സന്നദ്ധത അറിയിച്ചിട്ടുണ്ട്. ഇതോടൊപ്പം വിവിധ വ്യവസായ സ്ഥാപനങ്ങളും കിറ്റുകൾ നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. ദേവമാതാ പബ്ലിക് സ്കൂളിൽ നടന്ന ചടങ്ങിൽ ജില്ലാ കളക്ടർ വി ആർ അധ്യക്ഷനായി. വിദ്യാർത്ഥികളിൽ നിന്ന് ലഭിച്ച ഭക്ഷ്യധാന്യ കിറ്റുകൾ അർഹതപെട്ടവർക്ക് കൈമാറി.

വികസനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ വർഗ്ഗീസ് കണ്ടംകുളത്തി, ദേവമാതാ സ്കൂൾ പ്രിൻസിപ്പൽ ഫാ. സിൻറോ നങ്ങിനി സി.എം.ഐ., കുടുംബശ്രീ മെമ്പർ സെക്രട്ടറി എൻ. സിന്ധു, തുടങ്ങിയവർ സംസാരിച്ചു.

---

# ബാലാവകാശം: പദ്ധതി നിർവഹണത്തിൽ വകുപ്പുകളുടെ കൂട്ടായ്മ അനിവാര്യം കമ്മീഷൻ

**തൃശൂർ:** കുട്ടികളുമായി ബന്ധപ്പെട്ട പദ്ധതി നിർവഹണത്തിൽ എല്ലാ വകുപ്പുകളുടെയും കൂട്ടായ്മ അനിവാര്യമാണെന്ന് ബാലവകാശ കമ്മീഷൻ. ബാലാവകാശ പദ്ധതികളും പ്രവർത്തനങ്ങളും വിലയിരുത്തുന്നതിന് ജില്ലാതല ബാലവാകാശ കമ്മീഷൻ സ്റ്റേക് ഹോൾഡേഴ്സ് യോഗം കലക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്നു.

ഒരു പദ്ധതി തുടങ്ങുമ്പോൾ അത് ഫലപ്രാപ്തിയിൽ എത്തുന്നത് വരെ കൃത്യമായ ഇടപെടൽ നടത്തണമെന്ന് ഉദ്യോഗസ്ഥർക്ക് കമ്മീഷൻ നിർദേശം നൽകി. ഏകോപന മനോഭാവത്തോടെ സഹകരിച്ച് സമയബന്ധിതമായി പദ്ധതി നിർവഹണം നടത്തണം.

ബാലസൗഹൃദത്തോടെ എല്ലാവരും പെരുമാറണം. ബസ് സ്റ്റാന്റ്, ടൗണുകൾ, റെയിൽവേ സ്റ്റേഷനുകൾ തുടങ്ങിയ എല്ലാ പൊതു ഇടങ്ങളിലും പോലീസിന്റെ കൃത്യമായ നിരീക്ഷണം ഉറപ്പ് വരുത്തണമെന്നും കമ്മീഷൻ നിർദേശിച്ചു.

ജില്ലയിൽ വിവിധ വകുപ്പുകൾ സംഘടിപ്പിച്ച പ്രവർത്തനങ്ങൾ കമ്മീഷൻ വിലയിരുത്തി. കുട്ടികൾ നേരിടുന്ന മാനസിക വെല്ലുവിളികൾ, ലഹരി ഉപയോഗം, പോക്സോ കേസുകൾ തുടങ്ങിയവ ചർച്ച ചെയ്തു. പദ്ധതി നിർവഹണവും സുരക്ഷയും ഉറപ്പാക്കുന്നതിന് കൃത്യമായി ശിശു സംരക്ഷണ സമിതികൾ കൂടാനും കമ്മീഷൻ നിർദ്ദേശം നൽകി.

ശിശുദിന വാരാഘോഷങ്ങളുടെ ഭാഗമായി അങ്കണവാടിയിൽ നിന്ന് ജവഹർലാൽ നെഹ്റു വേഷം ധരിച്ചെത്തിയ കുട്ടികൾക്ക് ക്രയോൺസ്, സ്കെച്ച് എന്നിവ സമ്മാനിച്ചു.

ബാലവകാശ കമ്മീഷൻ ചെയർമാൻ കെ വി മനോജ് കുമാർ അധ്യക്ഷനായി. അസിസ്റ്റന്റ് കലക്ടർ കാർത്തിക് പാണിഗ്രഹി, കമ്മീഷൻ അംഗം അഡ്വ. ടി സി ജലജമോൾ, ജില്ലാ ശിശു സംരക്ഷണ ഓഫീസർ കെ എ ബിന്ദു, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.



# ആധുനിക സാങ്കേതികവിദ്യകളിലൂടെ പഠനാനുഭവം കൂടുതൽ മെച്ചപ്പെടുത്തും : മന്ത്രി വി ശിവൻകുട്ടി

**ചാത്തന്നൂർ:** ആധുനിക സാങ്കേതികവിദ്യകൾ സമന്വയിപ്പിച്ച് വിദ്യാർത്ഥികളുടെ പഠനാനുഭവം കൂടുതൽ മെച്ചപ്പെടുത്തുമെന്ന് വിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി വി ശിവൻകുട്ടി. ചാത്തന്നൂർ സർക്കാർ വൊക്കേഷനൽ ആൻഡ് ഹയർ സെക്കൻഡറി സ്കൂളിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച ബഹുനില മന്ദിരത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. സ്മാർട്ട് ക്ലാസ്റൂമുകൾ സജീകരിക്കുന്നതിലൂടെ ആധുനിക പഠനസമ്പ്രദായമാണ് ലഭ്യമാക്കുന്നത്. നവസാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി സാങ്കേതികവിദ്യാധിഷ്ഠിത പഠനരീതി സുഗമമാക്കുകയാണ്. സർക്കാർ നടപ്പിലാക്കിവരുന്ന പൊതുവിദ്യാഭ്യാസ യജ്ഞവും, വിദ്യാകിരണം പദ്ധതിയും വിദ്യാലയങ്ങളെ മികവിന്റെ ഇടങ്ങളായി മാറ്റി. കുട്ടികളുടെക്ഷേമത്തിന് സർക്കാർ പ്രഥമപരിഗണനയാണ് നൽകുന്നത്. നന്മയുടെയും മനുഷ്യസ്നേഹത്തിന്റെയും ബോധമാണ് വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുന്നത്. മികച്ച ഭൗതിക സാഹചര്യം ഉറപ്പാക്കി അക്കാദമിക്നിലവാരം ഉയർത്തുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഒമ്പത് കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് സ്കൂളിൽ നടന്നുവരുന്നത്.

ജി എസ് ജയലാൽ എം എൽ എ അധ്യക്ഷനായി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി കെ ഗോപൻ സുവനീർ പ്രകാശനവും മൾട്ടി മീഡിയ ക്ലാസ്റൂമിന്റെ ഉദ്ഘാടനം വൈസ് പ്രസിഡന്റ് ശ്രീജ ഹരീഷും നിർവഹിച്ചു.

ചാത്തന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടി ദിജു, ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് അംഗം എ ദസ്തകീർ, വാർഡ് അംഗം രേണുക രാജേന്ദ്രൻ, കൈറ്റ് സിഇഒ കെ അൻവർ സാദത്ത്, ഡി ഇ ഒ എസ് ഷാജി, ചാത്തന്നൂർ എ ഇ ഒ റോസമ്മ രാജൻ, ചാത്തന്നൂർ ബി പി സി സജീ റാണി, പ്രഥമാധ്യാപിക എൽ കമലമ്മ അമ്മ, പി ടി എ പ്രസിഡന്റ് കെ സേതുമാധവൻ, മറ്റ് ജനപ്രതിനിധികൾ , രാഷ്ട്രീയ കക്ഷി നേതാക്കൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.



# പാടശേഖരത്തിൽ പായലും മാലിന്യവും; ആശങ്കയിൽ കർഷകർ

**മാന്നാർ :** മാറകം പാടശേഖരത്തിൽ പായലും മാലിന്യവും നിറഞ്ഞു, വേനൽ കൃഷിക്കായിട്ടുള്ള നിലമൊരുക്കലിനു ഭീഷണി. മാന്നാർ കുരട്ടിക്കാടിനു കിഴക്ക് വടക്ക് പമ്പാനദി മുതൽ തെക്ക് മുട്ടേൽ പടിഞ്ഞാറു വരെ വ്യാപിച്ചു കിടക്കുന്ന 70 ഏക്കർ വരുന്ന മാറകം പാടശേഖരമാകെ കരിങ്കൂളപ്പായലും അജൈവമടക്കമുള്ള മാലിന്യം കൊണ്ടും നിറഞ്ഞിരിക്കുകയാണ്. പമ്പാനദിയിലൂടെ ഒഴുകിയെത്തിയ പായലുകൾ തിരികെ ഒഴുകി പോകാൻ കഴിയാത്തതിനാൽ പാടശേഖരത്തിൽ തന്നെ കെട്ടിക്കിടക്കുകയാണ്.

മഴ മാറിയെങ്കിലും പാടശേഖരത്തിലെ ജലനിരപ്പു കാര്യമായി കുറഞ്ഞിട്ടില്ല. ജലനിരപ്പു കുറഞ്ഞാലെ ഇവിടെ കർഷകർക്കു പാടശേഖരത്തിലിറങ്ങാനാവു. ഏകദേശം ഒരടിയിലേറെ കട്ടിക്കാണ് പായലുകളുള്ളത്. ജലനിരപ്പു താഴ്ന്നാൽ ട്രാക്ടറിറക്കി ഉഴുത് കരിങ്കൂവളത്തെ ഇല്ലാതാക്കാൻ കഴിയുമെന്നാണ് കർഷകരുടെ പ്രതീക്ഷ.



# ടുഗദർ ഫോർ തൃശൂർ പദ്ധതിക്ക് തുടക്കമായി

**തൃശൂർ:** അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി പ്രകാരം കുടുംബങ്ങൾക്ക് ഭക്ഷ്യക്കിറ്റ് നൽകുന്ന ടുഗദർ ഫോർ തൃശൂർ പദ്ധതിക്ക് പറപ്പൂക്കര പഞ്ചായത്തിൽ തുടക്കമായി. നന്തിക്കര ശ്രീരാമകൃഷ്ണ വിദ്യനികേതൻ പബ്ലിക് സ്കൂളിൽ നടന്ന പരിപാടി കെ. കെ. രാമചന്ദ്രൻ എം എൽ എ ഉദ്ഘാടനം ചെയ്തു. പഞ്ചായത്തിലെ അതിദരിദ്ര പട്ടികയിൽ ഉൾപ്പെട്ട ആറ് കുടുംബങ്ങളെ നന്തിക്കര ശ്രീരാമകൃഷ്ണ വിദ്യനികേതൻ പബ്ലിക് സ്കൂൾ ഏറ്റെടുത്തു. ഇവർക്കാവശ്യമായ ഭക്ഷ്യവസ്തുക്കൾ ഇനി മുടക്കം കൂടാതെ എല്ലാ മാസവും വിതരണം ചെയ്യും.

ടുഗദർ ഫോർ തൃശൂർ എന്ന ജില്ലാ കലക്ടറുടെ പരിപാടിയുടെ ഭാഗമായാണ് ഈ മാതൃകാ പ്രവർത്തനം സ്കൂൾ ഏറ്റെടുത്തത്. പഞ്ചായത്ത് പ്രസിഡന്റ് ഇ. കെ. അനൂപ് അധ്യക്ഷനായി. കവിത സുനിൽ, രാധ വിശ്വഭരൻ, ടി. സി. സേതുമാധവൻ, സി. രാഗേഷ്, എൻ. പി. മുരളി എന്നിവർ സംസാരിച്ചു.

# ദേശീയ ആരോഗ്യ ദൗത്യത്തിൽ ഒഴിവുകൾ

**തൃശൂർ:** ദേശീയ ആരോഗ്യ ദൗത്യത്തിന്റെ കീഴിൽ വിവിധ ആരോഗ്യ സ്ഥാപനങ്ങളിൽ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. മെഡിക്കൽ ഓഫീസർ യോഗ്യത എം ബി ബി എസ്, സ്ഥിരം ടി സി എം സി രജിസ്ട്രേഷൻ. പ്രവർത്തിപരിചയം അഭികാമ്യം. 2023 ഒക്ടോബർ 31ന് 62 വയസ്.

മിഡ് ലെവൽ സർവീസ് പ്രൊവൈഡർ യോഗ്യത ബി എസ് സി നഴ്സിങ് /ജി എൻ എം. കേരള നഴ്സ് മിഡ്വൈഫറി കൗൺസിൽ രജിസ്ട്രേഷൻ നിർബന്ധം. ഒരു വർഷത്തിൽ കുറയാത്ത പ്രവൃത്തിപരിചയം ഉണ്ടാകണം. 2023 ഒക്ടോബർ 31ന് പ്രായപരിധി 40 വയസ്.

ജനനതീയതി, യോഗ്യത, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, പ്രവത്തിപരിചയം എന്നിവ തെളിയിക്കുന്ന രേഖകളുടെ അസലും പകർപ്പും ബയോഡേറ്റയും സഹിതം നവംബർ 24ന് വൈകിട്ട് അഞ്ചിനകം ആരോഗ്യ കേരളം തൃശൂർ ഓഫീസിൽ സമർപ്പിക്കണം. വിശദവിവരങ്ങൾക്ക് ഫോൺ: 0487 2325824.

# ഭിന്നശേഷി മേഖലയിലെ ഗവേഷണത്തിന് ധനസഹായം

**തിരുവനന്തപുരം:** പൂജപ്പുരയിൽ എൽ.ബി.എസ് സെന്ററിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സെന്റർ ഓഫ് എക്സലൻസ് ഫോർ ഡിസെബിലിറ്റി സ്റ്റഡീസിൽ ഭിന്നശേഷി വിഷയം അടങ്ങുന്ന ഗവേഷണത്തിന് ധനസഹായത്തിന്

അപേക്ഷ ക്ഷണിച്ചു. കേരളത്തിലെ സർക്കാർ/ എയ്ഡഡ് / സർക്കാർ കോസ്റ്റ് ഷെയറിംഗ് എൻജിനിയറിംഗ് കോളേജ് / മെഡിക്കൽ കോളേജ്, ആർട്സ് ആൻഡ് സയൻസ് കോളേജ്, പോളിടെക്നിക്ക് എന്നിവിടങ്ങളിലെ കോളേജ് അധ്യാപകർക്ക് അപേക്ഷിക്കാം.

ഗവേഷണതാത്പര്യമുള്ള ഭിന്നശേഷിക്കാരായ യോഗ്യതയുള്ള വ്യക്തികൾക്കും സർക്കാർ എൻജിനിയറിംഗ് കോളേജ് / മെഡിക്കൽ കോളേജ് / ഇതര സർക്കാർ കോളേജ്/ എയ്ഡഡ് കോളേജ് മുഖേന ധനസഹായത്തിന് അപേക്ഷിക്കാം. കേരളത്തിലെ എൻജിനിയറിംഗ് കോളേജ്/ മെഡിക്കൽകോളേജ്/ എയ്ഡഡ് കോളേജ്/ കോസ്റ്റ് ഷെയറിംഗ് കോളേജ്/ ഇതര സർക്കാർ കോളേജ്/ സ്വകാര്യ സ്വാശ്രയ കോളേജുകളിലെ പി.ജി/ ബി.ടെക്/ ഡിപ്ലോമ വിദ്യാർഥികൾക്കും ഇതേ വിഷയത്തിൽ പ്രോജക്ട് ചെയ്യുന്നതിനു വേണ്ട ധനസഹായത്തിന് അപേക്ഷ നൽകാം.

മേൽ അധികാരി സാക്ഷ്യപ്പെടുത്തിയ അപേക്ഷകൾ ഡിസംബർ 12 വരെ സെന്റർ ഓഫ് എക്സലൻസ് ഫോർ ഡിസബിലിറ്റി സ്റ്റഡീസിൽ സ്വീകരിക്കും. വിശദ വിവരങ്ങളും അപേക്ഷാഫോമും www.ceds.kerala.gov.in ൽ. ഫോൺ : 04712345627, 8289827857.

ഹരിതം



# പുതിയ റബറിനങ്ങൾക്ക് പൊടി കുമിൾരോഗം

പുതിയ റബർ ഇനങ്ങളായ ആർ.ആർ.ഐ.ഐ430, ആർ.ആർ.ഐ.ഐ417 എന്നീ ഇനങ്ങളെ വളരെ ഉയർന്ന തോതിലും അർ.ആർ.ഐ.ഐ.414, ആർ.ആർ.ഐ.ഐ422 എന്നീ ഇനങ്ങളെ ഉയർന്ന തോതിലും പൊടി കുമിൾ രോഗം ബാധിക്കുന്നതായി ഇന്ത്യൻ റബർ ഗവേഷണ കേന്ദ്രം നടത്തിയ പഠനങ്ങളിൽ കണ്ടെത്തിയിട്ടുണ്ട്.

ടാപ്പു ചെയ്തു കൊണ്ടിരിക്കുന്ന റബർ മരങ്ങൾക്കു കഠിനമായ രോഗബാധ ഉണ്ടായാൽ അവയിൽ നിന്നുള്ള ഉത്പാദനം 30 % വരെ കുറഞ്ഞു പോകും. റബർ മരങ്ങളുടെ വളർച്ചയേയും ടാപ്പു ചെയ്യുന്ന മരങ്ങളുടെ പുതു പട്ടയുടെ വളർച്ചയേയും ഈ രോഗം പ്രതികൂലമായി ബാധിക്കും.

ഓയ്ഡിയം ഹീവിയേ എന്ന കുമിളാണ് പൊടിക്കുമിൾ രോഗം ഉണ്ടാക്കുന്നത്. പ്രായമായ റബർ മരങ്ങൾക്ക് ഉണ്ടാകുന്ന സ്വാഭാവിക ഇലപൊഴിച്ചിലിനു ശേഷം ജനുവരി മുതൽ മാർച്ച് വരെ വരുന്ന തളിരിലകളേയും പൂക്കളേയും ഇളം കായ്കളെയുമാണ് ഈ രോഗം പ്രധാനമായും ബാധിക്കുന്നത്.

റബർ നഴ്സറികളിലെ തൈകളെ സെപ്റ്റംബർ മുതൽ മെയ് വരെ ഈ രോഗം ബാധിക്കുന്നതായി കണ്ടുവരുന്നു. പ്രായം കുറഞ്ഞ റബർ മരങ്ങളിൽ ഫെബ്രുവരി മുതൽ ഏപ്രിൽ വരെ ഉണ്ടാകുന്ന തളിരിലകളെയും ഈ രോഗം ബാധിക്കും.

സമുദ്രനിരപ്പിൽനിന്നു വളരെ ഉയരത്തിൽ സ്ഥിതിചെയ്യുന്ന തോട്ടങ്ങളിലെ മരങ്ങളിലും തണൽ വീഴുന്ന റബർ തൈകളിലും മരങ്ങളിലും ഈ രോഗം വർഷം മുഴുവൻ കാണപ്പെടുന്നുണ്ട്.



രോഗം ബാധിച്ച തളിരിലകളുടെ മുകൾ ഭാഗത്തും അടിഭാഗത്തും വെളുപ്പു നിറത്തിൽ ചാരം പോലെയുള്ള പൂപ്പൽ ഇല മുഴുവനായോ ഇലയിൽ അവിടവിടയോ പറ്റിപ്പിടിച്ച് ഇരിക്കുന്നതു കാണാം.

**ടാപ്പു ചെയ്തു കൊണ്ടിരിക്കുന്ന റബർ മരങ്ങൾക്കു കഠിനമായ രോഗബാധ ഉണ്ടായാൽ അവയിൽ നിന്നുള്ള ഉത്പാദനം 30 % വരെ കുറഞ്ഞു പോകും. റബർ മരങ്ങളുടെ വളർച്ചയേയും ടാപ്പു ചെയ്യുന്ന മരങ്ങളുടെ പുതു പട്ടയുടെ വളർച്ചയേയും ഈ രോഗം പ്രതികൂലമായി ബാധിക്കും. ഓയ്ഡിയം ഹീവിയേ എന്ന കുമിളാണ് പൊടിക്കുമിൾ രോഗം ഉണ്ടാക്കുന്നത്. പ്രായമായ റബർ മരങ്ങൾക്ക് ഉണ്ടാകുന്ന സ്വാഭാവിക ഇലപൊഴിച്ചിലിനുശേഷം ജനുവരി മുതൽ മാർച്ച് വരെ വരുന്ന തളിരിലകളേയും പൂക്കളേയും ഇളം കായ്കളെയുമാണ് ഈ രോഗം പ്രധാനമായും ബാധിക്കുന്നത്.**

കഠിനമായി രോഗം ബാധിച്ച തളിരിലകൾ ചുരുളുകയും കറുപ്പു നിറമായി പൊഴിഞ്ഞു പോവുകയും ചെയ്യും. പൊഴിഞ്ഞു പോയ ഇലകളുടെ ഞെട്ടുകൾ അടർന്നു പോകാതെ കുറച്ചു ദിവസത്തേക്കു കൂടി ചെടിയിൽ തന്നെ അവശേഷിക്കും.

ഇലകളും ഞെട്ടുകളും പൊഴിഞ്ഞു പോയ ചെറി ചില്ലകളുടെ അഗ്രഭാഗങ്ങൾ ചീഞ്ഞുണങ്ങുകയും ചെയ്യും. പ്രായമായ ഇലകളെ രോഗം ബാധിച്ചാൽ അവ പൊഴിഞ്ഞു വീഴാതെ രോഗം ബാധിച്ച ഭാഗങ്ങളിൽ ചുവപ്പു കലർന്ന തവിട്ടു നിറത്തോടെ മരത്തിൽതന്നെ അവശേഷിക്കും.

പൂക്കളേയും ഇളം കായ്കളേയും രോഗം ബാധിച്ചാൽ അവ പൊഴിഞ്ഞു പോകാനിടയാകും. സ്വാഭാവിക ഇല പൊഴിച്ചിൽ താമസിച്ചുണ്ടാകുന്ന മരങ്ങളിൽ രോഗാക്രമണം കഠിനമായി അനുഭവപ്പെടും.

ഇലപൊഴിച്ചിലിനുശേഷം പുതിയ തളിർപ്പുകൾ ഉണ്ടാകുന്ന അവസരത്തിൽ ചാറ്റൽ മഴയോ മൂടൽ മഞ്ഞോ ഉണ്ടായിരുന്നാൽ രോഗം വളരെ വേഗം പടർന്നു പിടിക്കാനിടയുണ്ട്.



നഴ്സറിയിലെ റബർ തൈകളെയും തോട്ടത്തിലെ ചെറു തൈകളെയും രോഗാക്രമണത്തിൽ നിന്നു സംരക്ഷിക്കാൻ എഴു മുതൽ പതിനാലു ദിവസം ഇടവിട്ട് ഗന്ധകപ്പൊടി (325 മെഷ് ഫൈൻ) വിതറുകയോ വെള്ളത്തിൽ കലർത്താവുന്ന ഗന്ധകം ഒരു കിലോ 400 ലിറ്റർ വെള്ളത്തിൽ എന്ന അനുപാതത്തിൽ കലർത്തി തളിക്കുകയോ ചെയ്താൽ മതിയാകും.

ബാവിസ്റ്റിൻ എന്ന കുമിൾ നാശിനി ഒരു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന അനുപാതത്തിൽ കലർത്തി തൈകളിൽ തളിക്കുന്നത് കുറച്ചുകൂടി ഫലപ്രദമാണെന്ന് കണ്ടിട്ടുണ്ട്. ബാവിസ്റ്റിനും ഗന്ധകവും ഒന്നിടവിട്ടു തളിക്കുന്നതു നല്ലതാണ്.

പ്രായമായ മരങ്ങളെ സംബന്ധിച്ചിടത്തോളം സ്വാഭാവിക ഇല പൊഴിച്ചിലിനുശേഷം പത്തു ശതമാനം മരങ്ങളിൽ പുതിയ തളിർപ്പു വരുന്നതു മുതൽ ഒരാഴ്ചയോ രണ്ടാഴ്ചയോ ഇടവിട്ടു മൂന്നു മുതൽ അഞ്ചു പ്രാവശ്യം വരെ ഗന്ധകപ്പൊടി അടിച്ചു കൊടുക്കേണ്ടതാണ്.

ഒരു ഹെക്ടർ സ്ഥലത്ത് നിൽക്കുന്ന മരങ്ങൾക്ക് ഒരു പ്രാവശ്യം അടിക്കാൻ പതിനൊന്ന് മുതൽ പതിനാല് കിലോ വരെ ഗന്ധകപ്പൊടി വേണ്ടിവരും. 325 മെഷ് ഫൈൻ ഗന്ധകപ്പൊടിയാണ് ഇതിനു യോജിച്ചത്.

ഗന്ധകപ്പൊടിയും ടാൽക്കും 70:30 എന്ന അനുപാതത്തിൽ കലർത്തിയതും ഈ രോഗത്തെ നിയന്ത്രിക്കാൻ ഫലപ്രദമാണ്. ഗന്ധകപ്പൊടി അടിക്കാൻ ഇലകളിൽ മഞ്ഞു തുള്ളികൾ വീണു നനഞ്ഞിരിക്കുന്നതും അന്തരീക്ഷം നിശ്ചലമായി നിൽക്കുന്നതുമായ പുലർകാലങ്ങളാണു നല്ലത്.

ഗന്ധകപ്പൊടി അടിക്കാൻ മൈക്രോ സ്പ്രേ പൗവ്വർ 400, ആസ്പി ടർബ്ലോ എന്നീ പവർ ഡസ്റ്റുകളിൽ ഏതെങ്കിലുമൊന്നു ഉപയോഗിക്കാം. ഇളം മരങ്ങളാണെങ്കിൽ മൈക്രോ ഫ്ളക്സ് എന്ന ഡസ്റ്റർ ഉപയോഗിക്കാം.

ഒരു വിഷ വസ്തു കൈകാര്യം ചെയ്യുന്പോൾ സ്വീകരിക്കേണ്ട എല്ലാ മുൻകരുതൽ നടപടികളും ഗന്ധകപൊടി അടിക്കുന്പോഴും സ്വീകരിക്കേണ്ടതാണ്.



# ചൈൽഡ് കെയർ പദ്ധതി നടപ്പിലാക്കും: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** സംസ്ഥാനത്ത് ഹോം ബെയ്സ്ഡ് കോമ്പ്രിഹെൻസീവ് ചൈൽഡ് കെയർ പദ്ധതി നടപ്പിലാക്കുമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. ഈ പദ്ധതി വഴി സംസ്ഥാനത്തെ ആശാപ്രവർത്തകർ വീടുകളിലെത്തി ആദ്യ ആഴ്ച മുതൽ ഒന്നര വയസുവരെ എല്ലാ കുഞ്ഞുങ്ങളുടെയും ക്ഷേമം ഉറപ്പുവരുത്തും. പ്രതിരോധ കുത്തിവയ്പ്പുകൾ, കുഞ്ഞിന്റെ വളർച്ച, അമ്മയുടെ ആരോഗ്യം, ക്ഷേമപദ്ധതികൾ ആനുകൂല്യങ്ങൾ എന്നിവ ആശപ്രവർത്തകർ ഉറപ്പുവരുത്തുമെന്നും മന്ത്രി വ്യക്തമാക്കി. നവജാത ശിശു സംരക്ഷണ വാരാചരണം സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിർവഹിക്കുകയായിരുന്നു മന്ത്രി. കുഞ്ഞുങ്ങളുടെ ആരോഗ്യത്തിന്റെ കാര്യത്തിൽ ലോക രാജ്യങ്ങൾക്ക് തന്നെ മാതൃകയാണ് കേരളം. കേരളത്തിന്റെ ശിശുമരണനിരക്ക് 2021ൽ 6 ആയിരുന്നു. ഇപ്പോഴത് അഞ്ചിനടുത്താണ്. രാജ്യത്തിന്റെ സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ ഒന്ന് 2030നകം നവജാതശിശു മരണനിരക്ക് 12ൽ താഴുക എന്നതാണ്. ഇത് കേരളം വളരെ നേരത്തെ കൈവരിച്ചു. അഞ്ചിൽ നിന്നും ശിശു മരണനിരക്ക് വീണ്ടും കുറച്ച് കൊണ്ടുവരാനാണ് കേരളം ശ്രമിക്കുന്നത്.

നവജാതശിശു പരിചരണത്തിന് സർക്കാർ വലിയ പ്രാധാന്യമാണ് നൽകുന്നത്. നിലവിൽ കേരളത്തിൽ 24 എസ്.എൻ.സി.യു. പ്രവർത്തിക്കുന്നു. ഇത് കൂടാതെ 64 എൻ.ബി.എസ്.യു., 101 എൻ.ബി.സി.സി. എന്നിവ സർക്കാർ മേഖലയിൽ സജ്ജമാക്കിയിട്ടുണ്ട്.

അപൂർവ രോഗങ്ങളുടെ ചികിത്സയിൽ കേരളം രാജ്യത്തിന് മാതൃകയാണ്. അപൂർവ രോഗങ്ങളുടെ ചികിത്സയ്ക്കായി പ്രത്യേക ചികിത്സാ പദ്ധതി ആവിഷ്ക്കരിച്ചു. 50 കുഞ്ഞുങ്ങൾക്ക് ഈ പദ്ധതി വഴി ചികിത്സ നൽകി. അപൂർവ രോഗങ്ങളുടെ ചികിത്സയ്ക്കായി എസ്.എ.ടി. ആശുപത്രിയെ സെന്റർ ഓഫ് എക്സലൻസായി ഉയർത്തിയിട്ടുണ്ട്. വൃക്ക രോഗവുമായി ബന്ധപ്പെട്ട് പ്രത്യേക പ്രോഗ്രാമും ആരംഭിക്കുന്നു. നവജാത ശിശുക്കളുടെ മരണനിരക്ക് കുറയ്ക്കുന്നതിന് കേരളത്തിന്റെ അഭിമാന പദ്ധതികളിൽ ഒന്നായ ഹൃദ്യം പദ്ധതി വലിയ പങ്ക് വഹിച്ചിട്ടുണ്ട്. 6600 ഓളം കുഞ്ഞുങ്ങളേയാണ് ഇതിലൂടെ രക്ഷിക്കാനായത്.

ഒരു വർഷം കേരളത്തിൽ സർക്കാർ ആശുപത്രികളിൽ മാത്രം ഒരു ലക്ഷത്തി പതിനായിരം കുട്ടികളാണ് ജനിക്കുന്നത്.

ഗർഭിണിയാകുന്നത് മുതൽ കുഞ്ഞ് ജനിച്ച് 1000 ദിവസം വരെ കുഞ്ഞുങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്നു. പ്രസവം നടക്കുന്ന എല്ലാ ആശുപത്രികളിലും നവജാത ശിശു സ്ക്രീനിംഗ് ആയ ശലഭം നടപ്പിലാക്കി വരുന്നു.

കടകംപള്ളി സുരേന്ദ്രൻ എം.എൽ.എ. അധ്യക്ഷത വഹിച്ച ചടങ്ങിൽ, കൗൺസിലർ ഡി.ആർ. അനിൽ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഡോ. തോമസ് മാത്യു, ആരോഗ്യവകുപ്പ് ഡയറക്ടർ ഡോ. റീന, ഡെപ്യൂട്ടി ഡയറക്ടർ കെ.ജെ. സന്ദീപ്, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ബിന്ദു മോഹൻ, എസ്.എ.ടി. ആശുപത്രി സൂപ്രണ്ട് ഡോ. എസ്. ബിന്ദു, ജില്ലാ പ്രോഗ്രാം മാനേജർ ആശാ വിജയൻ, സ്റ്റേറ്റ് ന്യൂ ബോൺ റിസോഴ്സ് സെന്റർ നോഡൽ ഓഫീസർ രാധിക, ചൈൽഡ് ഹെൽത്ത് നോഡൽ ഓഫീസർ ഡോ യു.ആർ. രാഹുൽ, ആർ.സി.എച്ച്. ഓഫീസർ ഡോ. കൃഷ്ണവേണി, ഐ.എ.പി., എൻ.എൻ.എഫ്. പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.



# അഗ്നിവീർ റിക്രൂട്ട്മെന്റ് റാലിക്കു തുടക്കം

കൊച്ചി: അഗ്നിവീർ റിക്രൂട്ട്മെന്റ് റാലിക്ക് എറണാകുളം മഹാരാജാസ് കോളജ് സ്റ്റേഡിയത്തിൽ തുടക്കം. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം എന്നീ ജില്ലകളിൽ നിന്നുള്ള ഉദ്യോഗാർഥികളാണു പങ്കെടുക്കുന്നത്. അഡീഷനൽ ഡയറക്ടർ ജനറൽ മേജർ ജനറൽ റിതു രാജ് റെയ്ന റാലി ഫ്ലാഗ് ഓഫ് ചെയ്തു. ആദ്യദിനത്തിൽ ആലപ്പുഴ, ഇടുക്കി ജില്ലകൾക്കായി അഗ്നിവീർ ജിഡി തിരഞ്ഞെടുപ്പിനു റാലി നടത്തി. ഓൺലൈൻ കോമൺ എൻട്രൻസ് എക്സാമിനേഷൻ (സിഇഇ) വിജയിച്ച 558 പുരുഷ ഉദ്യോഗാർഥികളിൽ 436 പേർ ഇന്നലെ റാലിയിൽ പങ്കെടുക്കാനെത്തി.

അഗ്നിവീർ ജനറൽ ഡ്യൂട്ടി, അഗ്നിവീർ ടെക്നിക്കൽ, അഗ്നിവീർ ക്ലാർക്ക്/സ്റ്റോർ കീപ്പർ ടെക്നിക്കൽ, അഗ്നിവീർ ട്രേഡ്സ്മാൻ എന്നീ തസ്തികകളിലേക്കാണു പ്രധാനമായും തിരഞ്ഞെടുപ്പു നടക്കുന്നത്. ഇതിനു പുറമെ സോൾജിയർ നഴ്സിങ് അസിസ്റ്റന്റ്/നഴ്സിങ് അസിസ്റ്റന്റ് വെറ്ററിനറി, ശിപായി ഫാർമ, റിലീജിയസ് ടീച്ചർ ജൂനിയർ കമ്മിഷൻഡ് ഓഫിസർ (ആർടി ജെസിഒ), ഹവിൽദാർ സർവേയർ ഓട്ടോ കാർട്ടോ എന്നീ വിഭാഗങ്ങളിൽ കേരള, കർണാടക സംസ്ഥാനങ്ങളിൽ നിന്നും ലക്ഷദ്വീപ്, മാഹി എന്നീ കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നും ഉള്ളവർക്കായും തിരഞ്ഞെടുപ്പു നടത്തുന്നുണ്ട്.

25 വരെ നീളുന്ന റാലിയിൽ ആറായിരത്തോളം ഉദ്യോഗാർഥികളാണു പങ്കെടുക്കുന്നത്. തിരുവനന്തപുരം ആർമി റിക്രൂട്ടിങ് ഓഫിസാണ് 202324 വർഷത്തേക്കുള്ള അഗ്നിവീർ റിക്രൂട്ട്മെന്റ് റാലി സംഘടിപ്പിക്കുന്നത്. ഷോർട്ലിസ്റ്റ് ചെയ്ത ഉദ്യോഗാർഥികളുടെ അഡ്മിറ്റ് കാർഡുകൾ രജിസ്റ്റർ ചെയ്ത ഇമെയിൽ ഐഡികളിൽ ലഭിക്കും. ംംം. ഷീശിശിരശമിമ്യ.ിശര.ശി വെബ്സൈറ്റിലൂടെ വ്യക്തിഗത ലോഗിൻ വഴിയും അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്യാം.

# സൗജന്യ താക്കോൽദ്വാര ശസ്ത്രക്രിയ നിർണ്ണയ ക്യാമ്പ് 19 ന്

**കൊച്ചി :** കച്ചേരിപ്പടി ശ്രീ സുധീന്ദ്ര മെഡിക്കൽ മിഷൻ ആശുപത്രിയിൽ നവംബർ 19 ന് (ഞായർ) സൗജന്യ താക്കോൽദ്വാര ശസ്ത്രക്രിയ നിർണ്ണയ ക്യാമ്പ് നടത്തും. രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 12.30 വരെ നടക്കുന്ന ക്യാമ്പിന് ഡോ.അക്ഷയ് പ്രഭു, ഡോ.മഹേഷ് ബാലകൃഷ്ണൻ എന്നിവർ നേതൃത്വം നൽകും. ക്യാമ്പിൽ പങ്കെടുക്കുന്നവർക്ക് സൗജന്യ ശസ്ത്രക്രിയ പരിശോധനയും ആവശ്യമെങ്കിൽ സൗജന്യ നിരക്കിൽ ശസ്ത്രക്രിയയും മറ്റു പരിശോധനകളും ചെയ്തുകൊടുക്കും. ക്യാമ്പിൽ പങ്കെടുക്കുന്നതിന് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യുന്നതിനായി 04844077400, 3512123, 7025350481 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

# ആരോഗ്യമേഖലയിലും ക്യൂബയുമായി സഹകരിക്കും: മുഖ്യമന്ത്രി

**കൊച്ചി :** കായിക മേഖലയ്ക്കൊപ്പം ആരോഗ്യ മേഖലയിലും ക്യൂബയുമായി സഹകരിച്ച് പ്രവർത്തിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കഴിഞ്ഞ ജൂണിൽ കേരളത്തിൽ നിന്നുള്ള ഔദ്യോഗിക സംഘം ക്യൂബ സന്ദർശിച്ച വേളയിലാണ് കായിക, ആരോഗ്യ മേഖലകളിൽ സഹകരിക്കാൻ ധാരണയായത്. തിരുവനന്തപുരത്ത് ചെ ഇന്റർനാഷണൽ ചെസ് ഫെസ്റ്റിവൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു.

കേരളവും ക്യൂബയും പല കാര്യങ്ങളിലും സാമ്യമുള്ള നാടുകളാണ്. രണ്ടിടത്തും തീരദേശം നിറഞ്ഞ ഭൂപ്രകൃതിയാണ്. പൊതുജനാരോഗ്യ രംഗത്തും രണ്ടു സ്ഥലങ്ങളും മുന്നേറിയിട്ടുണ്ട്. ഇത് വികസിത രാജ്യങ്ങൾക്ക് മാതൃകയാണ്. കോവിഡ് കാലത്ത് ക്യൂബയിൽ നിന്നുള്ള ഡോക്ടർമാർ സഹായദൗത്യവുമായി മറ്റു രാജ്യങ്ങളിൽ പോയി. കേരളവും കോവിഡിനെ ഫലപ്രദമായി ചെറുത്ത് മാതൃകയായി.

കായിക മത്സരങ്ങൾ അതിർത്തികൾ കടന്ന് ജനതയെ ആനന്ദിപ്പിക്കുന്നു. കായിക ഇനങ്ങൾക്ക് ദേശാതിർത്തികളില്ല. വിവിധ അന്താരാഷ്ട്ര മത്സരങ്ങൾക്ക് കേരളം വേദിയായിക്കഴിഞ്ഞു. ഫിഫ അണ്ടർ 17 ലോകകപ്പ്, സന്തോഷ് ട്രോഫി, ദേശീയ ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പ്, മൗണ്ടൻ സൈക്കിളിംഗ് മത്സരങ്ങൾ എന്നിവയെല്ലാം കേരളത്തിൽ സംഘടിപ്പിച്ചു. അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്പോർട്സ് മീറ്റുകൾ നടത്താനുള്ള കേരളത്തിന്റെ കഴിവാണ് ഇത് വെളിവാക്കുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു. ചടങ്ങിൽ അബ്ദുറഹിമാൻ അധ്യക്ഷത വഹിച്ചു. ആര്യാ രാജേന്ദ്രൻ, ഇന്ത്യയിലെ ക്യൂബൻ അംബാസഡർ അലക്സാഡ്രോ സിമാൻകസ് തുടങ്ങിയവർ സംബന്ധിച്ചു.

# പട്ടികജാതി വിദ്യാർഥികൾക്ക് അയ്യങ്കാളി സ്കോളർഷിപ്പ്

**മലപ്പുറം:** പട്ടികജാതി വികസനവകുപ്പ് നടപ്പാക്കുന്ന അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആൻഡ് ഡെവലപ്മെന്റ് സ്കീമിലേക്ക് സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ഈ വർഷം അഞ്ച്, എട്ട് ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർഥികളിൽനിന്ന് അപേക്ഷ ക്ഷണിച്ചു. തെരഞ്ഞെടുക്കുന്നവർക്ക് പത്താം ക്ലാസുവരെ പ്രതിവർഷം 4500 രൂപ സ്കോളർഷിപ്പ് ലഭിക്കും. അപേക്ഷകർ 202223 അധ്യയന വർഷം നാല്, ഏഴ് ക്ലാസുകളിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പഠിച്ചവരായിരിക്കണം. അപേക്ഷയും വിശദ വിവരങ്ങളും എല്ലാ ബ്ലോക്ക്/ നഗരസഭാ പട്ടികജാതി വികസന ഓഫീസുകളിൽനിന്ന് ലഭിക്കും. പൂരിപ്പിച്ച അപേക്ഷ നവംബർ 30ന് മുമ്പായി ബന്ധപ്പെട്ട ബ്ലോക്ക്/നഗരസഭാ പട്ടികജാതി വികസന ഓഫീസുകളിൽ നൽകണം. ഫോൺ: 0483 2734901.

# അപേക്ഷ ക്ഷണിച്ചു

**മലപ്പുറം:** ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന യുവസംരംഭകർക്കായി നടപ്പാക്കുന്ന കെസ്റു, മൾട്ടി പർപ്പസ് ജോബ് ക്ലബ് എന്നീ പദ്ധതികളിലേക്ക് അപേക്ഷ ക്ഷണിച്ചു.

2024ൽ പുതിയ സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്നവർക്ക് കെസ്റു പദ്ധതി പ്രകാരം ഒരു ലക്ഷം രൂപ വരെ ബാങ്ക് വായ്പ് ലഭിക്കും. വായ്പ തുകയുടെ 20 ശതമാനം സബ്സിഡി ലഭിക്കും. 21നും 50നും ഇടയിൽ പ്രായമുള്ള, കുടുംബ വാർഷിക വരുമാനം ഒരുലക്ഷം വരെ ഉള്ളവർക്ക് അപേക്ഷിക്കാം.

സംയുക്ത സംരംഭങ്ങളും അനുവദിക്കും. മൾട്ടി പർപ്പസ് ജോബ് ക്ലബ് പദ്ധതി പ്രകാരം പത്തുലക്ഷം രൂപയുടെ പ്രോജക്ടുകൾക്ക് ബാങ്ക് വായ്പ അനുവദിക്കും. 25 ശതമാനം (പരമാവധി രണ്ട് ലക്ഷം) സബ്സിഡി ലഭിക്കും. 21നും 45നും മധ്യേ പ്രായമുള്ള രണ്ടിൽ കുറയാത്ത അംഗങ്ങളുള്ള കൂട്ടായ്മക്കാണ് അവസരം. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുമായി ബന്ധപ്പെടുക. ഫോൺ: 0483 2734737.



# കിംസ് അൽഷിഫയിൽ മൾട്ടിസ്പെഷ്യാലിറ്റി ഒടി കോംപ്ലക്സ്

**പെരിന്തൽമണ്ണ:** കിംസ് അൽഷിഫയിൽ അത്യാധുനിക രീതിയിൽ സജ്ജമാക്കിയ മൾട്ടി സ്പെഷ്യാലിറ്റി ഒ.ടി കോംപ്ലക്സ് ഉദ്ഘാടനം കിംസ് അൽശിഫ വൈസ് ചെയർമാൻ ആൻഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. പി. ഉണ്ണീൻ, പ്രശസ്ത ഓർത്തോപീഡിക്സ് ആൻഡ് ജോയിൻറ് റീപ്ലെയ്സ്മെൻറ് സർജ്ജറി മേധാവി ഡോ. ഇ. ജി മോഹൻകുമാർ എന്നിവർ ചേർന്ന് നിർവഹിച്ചു.

ദാതാവിൻറെയും, സ്വീകർത്താവിൻറെയും സർജ്ജറികൾ ഒരേ സമയം നിർവഹിക്കാവുന്ന ട്രാൻസ്പ്ലാൻറ് തീയ്യറ്റർ, സന്ധിമാറ്റിവയ്ക്കൽ ശസ്ത്രക്രിയക്കുള്ള പ്രത്യേക ഒ.ടി, സ്പോർട്സ് ഇഞ്ചുറി പരിക്കുകൾക്കുള്ള ഓപറേഷൻ തീയ്യറ്റർ, ഹാൻറ് ആൻഡ് ക്രോവാസ്കുലാർ സർജ്ജറികൾ ചെയ്യുന്നതിനുള്ള പ്രത്യേക തീയ്യറ്റർ എന്നിവയാണ് അത്യാധുനിക സൗകര്യങ്ങളോടെ ഇവിടെ സജ്ജമാക്കിയിട്ടുള്ളത്.

നിലവിൽ ഏറ്റവും കുറഞ്ഞ നിരക്കിൽ കിഡ്നി മാറ്റിവെക്കൽ ശസ്ത്രക്രിയ ചെയ്യുന്ന ജില്ലയിലെ ഏക ആശുപത്രിയാണിത്. കൂടാതെ ജില്ലയിലെ ഏക സമ്പൂർണ്ണ ഹാൻറ് ആൻഡ് മൈക്രോവാസ്കുലാർ യൂണിറ്റ്, മലബാറിലെ ആദ്യ ജോയിൻറ് റീപ്ലെയ്സ്മെൻറ്, സ്പോർട്സ് ഇഞ്ചുറി വിഭാഗം എന്നിവ ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

ഇതിലൂടെ മറ്റു ജില്ലകളെ ആശ്രയിക്കാതെ തന്നെ ഏറ്റവും മികച്ച ചികിത്സ കുറഞ്ഞ ചിലവിൽ കിംസ് അൽശിഫയിൽ ലഭ്യമാണ്. ചടങ്ങിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പ്രിയൻ കെ.സി, മെഡിക്കൽ സൂപ്രണ്ട് ഡോ. മുഹമ്മദ് യഹിയ്യ, ഡെപ്യൂട്ടി മെഡിക്കൽ സൂപ്രണ്ട് ഡോ. സാജൻ, അനസ്തേഷ്യ വിഭാഗം മേധാവി ഡോ. സജിത്ത്, യൂറോളജി വിഭാഗം മേധാവി ഡോ. മുരളി,

സ്പോർട്സ് ഇഞ്ചുറി വിഭാഗം മേധാവി ഡോ. അബ്ദുള്ള ഖലീൽ, ഹാൻറ് ആൻഡ് മൈക്രോവാസ്കുലാർ സർജ്ജറി വിഭാഗം മേധാവി ഡോ. അജീഷ് ശങ്കരൻ , ജനറൽ സർജ്ജൻ ഡോ. റോബൻ സെബാസ്റ്റ്യൻ, ഇ.എൻ.ടി സർജ്ജൻ ഡോ. സൗമ്യ, ഡോ. ഫാത്തിമ സന, ഓപ്പറേഷൻ തീയ്യറ്റർ മാനേജർ ബിന്ദു എന്നിവർ സന്നിഹിതരായിരുന്നു.



# വൈറ്റ് ബ്രൈഡൽ വിവാഹ വസ്ത്രങ്ങൾക്കായി ദി സെലസ്റ്റ് അവതരിപ്പിച്ച് ശീമാട്ടി

**കൊച്ചി:** വൈറ്റ് ബ്രൈഡൽ വിവാഹ വസ്ത്രങ്ങൾക്കായി പ്രത്യേക കൊട്ടിയൂർ ബ്രാൻഡ് അവതരിപ്പിച്ച് ശീമാട്ടി. സെലസ്റ്റ് എന്നു പേരിട്ടിരിക്കുന്ന ബ്രാൻഡിൻറെ ആദ്യ സ്റ്റോർ എംജി റോഡിലെ ശീമാട്ടിയുടെ ആദ്യ ഫ്ലോറിൽ പ്രവർത്തനമാരംഭിച്ചു.

ശീമാട്ടി സിഇഒയും ലീഡ് ഡിസൈനറുമായ ബീന കണ്ണൻ സലസ്റ്റ് ആദ്യ സ്റ്റോറിൻറെ ഉദ്ഘാടനം നിർവഹിച്ചു. ബോൾ ഗൗണുകൾ, ട്രയൽ ഗൗണുകൾ, ഫിഷ് കട്ട് ഗൗണുകൾ തുടങ്ങി പുത്തൻ ട്രെൻഡുകൾക്ക് അനുസൃതമായി സ്റ്റോറി പോർട്രെയ്റ്റ് വൈറ്റ് ബ്രൈഡൽ ഗൗണുകൾ വരെ സെലസ്റ്റിൽ ലഭ്യമാണ്.

ഗോൾഡ്, സിൽവർ, കോപ്പർ നിറങ്ങളിൽ നെയ്ത്തുകളോടുകൂടിയ സിഗ്നേച്ചർ വൈറ്റ് കാഞ്ചിപുരം സാരികളുടെ സമൃദ്ധമായ ശ്രേണിയുമുണ്ട്. വരുംനാളുകളിൽ കോട്ടയം ശീമാട്ടി ഗ്രൗണ്ട് ഫ്ലോറിൽ ഉൾപ്പെടെ കേരളത്തിൻറെ വിവിധ ഭാഗങ്ങളിൽ സെലസ്റ്റ് സ്റ്റോറുകൾ വ്യാപിപ്പിക്കുമെന്ന് ബീന കണ്ണൻ പറഞ്ഞു.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives !



THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | 100% CUSTOMER SATISFACTION GUARANTEED | ISO 9001 CERTIFIED | LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663




# തിരുവനന്തപുരത്തെ ഡിജിറ്റൽ ഹബ്ബായി വികസിപ്പിക്കും: മുഖ്യമന്ത്രി

**തിരുവനന്തപുരം:** നവീകരണവും സംരംഭകത്വവും പ്രോത്സാഹിപ്പിച്ചു തിരുവനന്തപുരത്തെ പ്രധാന ഡിജിറ്റൽ ഹബ്ബായും സ്റ്റാർട്ടപ്പുകളുടെ പ്രധാന ലക്ഷ്യസ്ഥാനമായും വികസിപ്പിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ഇന്ത്യയിലെ ഏറ്റവും വലിയ ബീച്ച്സൈഡ് സ്റ്റാർട്ടപ്പ് ഉച്ചകോടിയെന്ന പ്രത്യേകതയോടെ കേരള സ്റ്റാർട്ടപ് മിഷൻ സംഘടിപ്പിക്കുന്ന അഞ്ചാമത് ഹഡിൽ ഗ്ലോബൽ ത്രിദിന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

ബെൽജിയത്തിലെ ബ്രസൽസിലും ഓസ്ട്രേലിയയിലും സ്റ്റാർട്ട് അപ്പ് മിഷൻറെ സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി സെൻറർ സ്ഥാപിക്കുന്നതിനുള്ള ധാരണാപത്രം ചടങ്ങിൽ കൈമാറി. സംസ്ഥാനത്തെ സ്റ്റാർട്ടപ്പുകൾക്ക് യൂറോപ്പിലെയും ഓസ്ട്രേലിയയിലെയും സാങ്കേതിക, ഗവേഷണവികസന ആവാസവ്യവസ്ഥയെ പ്രയോജനപ്പെടുത്തുന്നതിനും വിപണി വിപുലീകരണത്തിനും ഈ കരാർ സഹായകമാകും.മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ഇന്ത്യയിലെ അംബാസഡർ ദിദിയർ വാൻഡർഹസെൽറ്റ്, ഓസ്ട്രേഡ് മേധാവിയും വ്യവസായ മന്ത്രിയുമായ കാതറിൻ ഗല്ലഗെർ എന്നിവർ കെഎസ്യുഎം സിഇഒ അനൂപ് അംബികയുമായാണ് ധാരണാപത്രം കൈമാറിയത്.